
● ചർച്ചയ്ക്കായുള്ള കരട് രേഖ



# കേരളത്തിലെ സാന്ത്വന ചികിത്സ : പശ്ചാത്തലം


**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ**
**കോഴിക്കോട്**


**ഇന്ത്യയിൽ കഴിഞ്ഞ പത്തുവർഷത്തിലധികമായി ഏറ്റവും നല്ലരീതിയിൽ സാന്ത്വന ചികിത്സാപരിചരണത്തിൽ ഏർപ്പെട്ടു വരുന്ന സന്നദ്ധ പ്രവർത്തകർ തങ്ങളുടെ വർത്തമാനവും ഭാവിയും വികസനവും രാഷ്ട്രീയവുമായി ബന്ധിപ്പിച്ച് അന്വേഷിക്കുന്നു. ഈ ചർച്ച തുടർ പേജുകളിൽ തുടരുന്നു. പ്രതികരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.**

**സാന്ത്വന** ചികിത്സ എന്നത് സങ്കൽപ്പത്തിലും പ്രവർത്തിയിലും കേരളസമൂഹത്തിൽ ഏറിയ തോതിൽ വിജയകരമാണ് എന്ന് കാണുന്നു. പഴയ മലബാറിലെ പല പ്രദേശങ്ങളിലും ഇത് അടിത്തട്ടിൽ വേരൂന്നിയ (തൃണമൂലതല) പ്രസ്ഥാനമായി വളർന്നിരിക്കുന്നു. വടക്കൻ കേരളത്തിൽ ഇതു വ്യാപകമാണെങ്കിലും മറ്റു ഭാഗങ്ങളിൽ വേണ്ടത്ര ശക്തിപ്പെട്ടിട്ടില്ല. പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തമാണ്, മറ്റു ചികിത്സാ സംവിധാനങ്ങളിൽനിന്നും ഇതിനെ വ്യത്യസ്തമാക്കുന്നത്. (സാമൂഹ്യ വളണ്ടിയർമാരുടെ പങ്ക് അടക്കമുള്ള) സാമൂഹ്യ പങ്കാളിത്തത്തിന്റെ വ്യാപനവും ഗുണമേന്മയും ഓരോ സ്ഥലത്തും വ്യത്യസ്തമാണ്. ഓരോ സ്ഥലങ്ങളിലെയും തദ്ദേശീയ ഭരണകൂടങ്ങളുടെ പങ്കും വ്യത്യസ്തമാണ്. കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ പല തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും കുറച്ചു വർഷങ്ങളായി സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളെ സഹായിക്കുകയെന്നത് മുൻഗണനയുള്ള ഒന്നായി മാറിയിട്ടുണ്ട്. സാന്ത്വന ചികിത്സാ രംഗത്ത് കുറച്ചു വർഷങ്ങളായി കേരളത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അഭൂതപൂർവ്വമാണ്.

മറ്റു വികസ്വര സമൂഹങ്ങൾക്കു കൂടി പാഠമാകുന്ന തരത്തിൽ ഈ രംഗത്തുണ്ടായ വളർച്ചയെപ്പറ്റി വിശദമായ പഠനങ്ങൾ നടത്താൻ ഏറെ വൈകിയിരിക്കുന്നു. ഇതു സംബന്ധിച്ച ചില പ്രശ്നങ്ങൾ നാം പരിശോധിക്കേണ്ടതുണ്ട്.

- **സംസ്ഥാനത്ത് സാന്ത്വന ചികിത്സാ സംവിധാനത്തിന്റെ വളർച്ചയ്ക്ക് സഹായകമായ ഘടകങ്ങൾ എന്തെല്ലാമാണ്?**
- **ഇതു കേരളത്തിന്റെ മാത്രം പ്രത്യേകതയാണോ? മറ്റിടങ്ങളിൽ ആവർത്തിക്കാനാകുമോ?**
- **കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലത്തിൽ ഈ സംവിധാനത്തിന്റെ സ്ഥാനമെന്താണ്? ഈ പരിപാടി നിലനിൽക്കുമെന്ന് എങ്ങനെ ഉറപ്പാക്കാനാവും?**
- **കേരളീയ സമൂഹത്തിന്റെ സംസ്കാരത്തിലെ സന്നദ്ധ പ്രവർത്തനത്തിന്റെ അംശമാണോ ഇന്നത്തെ സാന്ത്വന ചികിത്സാ സംവിധാനത്തെ നിലനിർത്തുന്നത്? അതോ സാന്ത്വന ചികിത്സയ്ക്കു മാത്രമുള്ള ഒരു പ്രത്യേകതയാണോ ഇത്?**

സംസ്ഥാനത്തെ സാന്ത്വന ചികിത്സാ സംവിധാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള ഒന്നാമത്തെ പടിയെന്ന നിലയിൽ, നിലവിലുള്ള സംവിധാനം ഏതു പശ്ചാത്തലത്തിലാണ് പ്രവർത്തിക്കുന്നതെന്നു നോക്കാം.

മറ്റേതൊരു സമൂഹവുമെന്ന പോലെ തങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലൂടെ കേരളീയ സമൂഹവും അവരുടെ സാമൂഹ്യസ്വഭാവത്തിന്റെ ഉൽപ്പാദന – പുനരുൽപാദന പ്രവർത്തനം സുസ്ഥിരമായ രൂപത്തിൽ നടത്തുന്നുവെന്ന് നമുക്കു കാണാനാകും. താരതമ്യേന ദീർഘമായ ഒരു കാലഘട്ടത്തിൽ ദൈനംദിന ജീവിതത്തിലെ മൂല്യങ്ങളും ആചാരങ്ങളും ലക്ഷ്യങ്ങളും ധ്രുവീകരണങ്ങളും വഴി ഈ പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്നു, അടയാളപ്പെടുത്തുന്നു. (മനസ്സിന്റെയും ഹൃദയത്തിന്റെയും സംഘടിത സ്വഭാവം വഴി) ഇത്തരത്തിലുള്ള മൂല്യങ്ങളും ആചാരങ്ങളും ലക്ഷ്യങ്ങളും ഇവിടെ വ്യാപിക്കുന്നു. കേരള വികസന മാതൃകയെന്നു നാം വിളിക്കുന്ന ഘടനയുടെ സാംസ്കാരിക പ്രത്യേകതയാണ് ഇതിന്റെ അടിസ്ഥാനം. വ്യക്തികളിൽ ആവശ്യമായ അളവിൽ സംരംഭകത്വും സൃഷ്ട്യുന്മുഖതയും വളർത്താനും നിലനിർത്താനും


വേണ്ടി, കൃത്യമായ രീതിയിൽ സാമൂഹ്യ ലക്ഷ്യങ്ങൾ രൂപീകരിക്കാനും നടപ്പിലാക്കാനുമുള്ള സമൂഹത്തിന്റെ ശേഷിയെ ആശ്രയിച്ചാണ് ഇത് നിലനിൽക്കുന്നത്. 'വടക്കൻ കേരളത്തിലെ സാന്ത്വന ചികിത്സയ്ക്കായുള്ള അയൽക്കൂട്ട ശൃംഖല' യിൽ നാം ഇപ്പോൾ കാണുന്നത് ഇതാണ്. മുൻകാലത്ത് സാക്ഷരതാ പ്രവർത്തനത്തിനും മറ്റും വേണ്ടി ഭീമമായ തോതിൽ സന്നദ്ധ പ്രവർത്തകരെ രംഗത്തിറക്കാൻ കഴിഞ്ഞതിന് നാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. കേരളീയ സംസ്കാരത്തിൽ ഈ സന്നദ്ധ പ്രവർത്തനത്തിന് എത്രമാത്രം പങ്കുണ്ട് എന്നതാണ് സാന്ത്വന ചികിത്സാരംഗത്തെ സംബന്ധിച്ചിടത്തോളം നിർണായകമായ ചോദ്യം.

പല കാര്യങ്ങളിൽ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽനിന്നും വ്യത്യസ്തമാണ് കേരളം. താരതമ്യേന കുറഞ്ഞ സാമ്പത്തിക വികസനത്തിന്റെ പശ്ചാത്തലത്തിലും സാമൂഹ്യ വികസനത്തിലും ജീവിത നിലവാരത്തിലും കേരളത്തിനുണ്ടായിട്ടുള്ള അന്യാദൃശമായ നേട്ടങ്ങളെപ്പറ്റി ഏറെ പഠനങ്ങൾ നടന്നിട്ടുണ്ട്, രേഖപ്പെടുത്തിയിട്ടുമുണ്ട്. കേരളത്തിനു പുറത്തുനിന്നുള്ളവർ അയയ്ക്കുന്ന പണംകൂടി കണക്കിലെടുത്താൽ, ഔദ്യോഗിക പ്രതിശീർഷ വരുമാനം കുറെ വർദ്ധിക്കുമെങ്കിൽ കൂടിയും, ആ വരുമാനം പോലും മറ്റു സംസ്ഥാനങ്ങളെക്കാൾ താഴെയാണ്. എന്നാൽ സാമൂഹ്യ വികസനത്തിന്റെ നാലു പ്രധാന സൂചകങ്ങൾ (പ്രായപൂർത്തിയായവരുടെ സാക്ഷരത, ആയുർദൈർഘ്യം, ശിശുമരണനിരക്ക്, ജനനനിരക്ക് എന്നിവ) എടുത്താൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ മുന്നിലാണെന്നു മാത്രമല്ല പല യൂറോപ്യൻ രാജ്യങ്ങളുടെയും ഒപ്പമാണ് കേരളം.

വിവിധ സാമൂഹ്യ വിഭാഗങ്ങൾക്കിടയിൽ - സ്ത്രീ - പുരുഷൻ, നഗരം - ഗ്രാമം, ഉയർന്ന - താഴ്ന്ന ജാതികൾ - കേരളത്തിന്റെ നേട്ടങ്ങൾ താരതമ്യേന സമതുലിതമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നതും കേരളത്തിന്റെ പ്രത്യേകതയാണ്. പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എണ്ണം ഉയർന്ന ഏക സംസ്ഥാനമാണ് കേരളം. കുട്ടികളിലും മുതിർന്നവരിലുമുള്ള കടുത്ത പോഷകാഹാരക്കുറവ് ഏറ്റവും കുറഞ്ഞ സംസ്ഥാനവും കേരളമാണ്. അമേരിക്കയിലെ കറുത്തവരെക്കാൾ അതിജീവന സാദ്ധ്യതയേറിയവരാണ് കേരളത്തിലെ പുരുഷന്മാരും സ്ത്രീകളുമെന്ന് പഠനങ്ങൾ കാണിക്കുന്നു. കേരളത്തിലെ സ്ത്രീ സാക്ഷരത ചൈനയിലെ ഏതു പ്രവിശ്യയെക്കാളും മെച്ചപ്പെട്ടതാണ്. (അമർത്യസെൻ "ഡിടി ലക്സാവാലാ സ്മാരക പ്രഭാഷണം - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് - 1994) കേരളത്തിലെ ജനന നിരക്ക് ചൈനയെക്കാളും മദ്ധ്യ-ഉപരി വരുമാനമുള്ള യൂറോപ്യൻ രാജ്യങ്ങളെക്കാളും കുറവാണ്. ജനസംഖ്യാ ശാസ്ത്രമനുസരിച്ചു പറഞ്ഞാൽ (വളരെ കുറഞ്ഞ സമയം കൊണ്ട്) 'കേരളം ജനസംഖ്യാ പരിവർത്തനത്തിന്റെ മൂന്നാംഘട്ടത്തിൽ' എത്തിയിരിക്കുന്നു.

കേരളത്തിന്റെ ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെ പരോക്ഷ സൂചകങ്ങളാകും ഒരു പക്ഷേ കൂടുതൽ പ്രധാനമാകുന്നത്. ഉയർന്ന സാമൂഹ്യ മുന്നേറ്റങ്ങൾ, ജനാധിപത്യ പങ്കാളിത്തം, പത്രങ്ങളും മാസികകളും വായിക്കുന്ന ശീലമുള്ളവരുടെ ഉയർന്ന അനുപാതം, ഏറ്റവുമാദ്യം ആരംഭിച്ചതും വിജയകരമായി തുടരുന്നതുമായ ജനകീയ ശാസ്ത്ര പ്രസ്ഥാനം മുതലായവ ഇതിൽപ്പെടുന്നു. പരമ്പരാഗതമായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ കേരളത്തിൽ നേടിയിട്ടുള്ള ആത്മാഭിമാനത്തെയും സ്വന്തം മൂല്യത്തെയും പറ്റിയുള്ള ബോധത്തെപ്പറ്റി ഇന്ത്യയിലെത്തിയ സന്ദർശകരെല്ലാം അഭിപ്രായപ്പെടുന്നത് ഇതിന്റെ തെളിവാണ്. കേരളത്തിലെ സാന്ത്വന ചികിത്സാ രംഗത്തുണ്ടായ വിജയത്തിന് ഈ (അളക്കാൻ കഴിയാത്ത) ഘടകങ്ങളും കാരണമായിട്ടുണ്ടാകാം.


കേരളത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ ഈ നേട്ടങ്ങൾ പരസ്പരം ശക്തിപ്പെടുത്തുന്നവയാണ്. ഉദാഹരണത്തിന് പ്രത്യക്ഷ നേട്ടങ്ങളായ കേരളത്തിലെ ജനസംഖ്യാ രംഗത്തെ പരിണാമവും ഉയർന്ന ആയുർദൈർഘ്യവും സാധുവാണെന്ന് നമുക്ക് ബോദ്ധ്യപ്പെടണമെങ്കിൽ, സ്ത്രീ സാക്ഷരത, വിദ്യാഭ്യാസം, സാമൂഹ്യ മുന്നേറ്റങ്ങൾ, ഉയർന്ന സാമൂഹ്യബോധം, ആരോഗ്യം, പൊതുസേവനങ്ങൾ മുതലായ (അളക്കാൻ കഴിയാത്തതും എന്നാൽ പരസ്പരം ശക്തിപ്പെടുത്തുന്നതുമായ) നേട്ടങ്ങൾ കൂടി കണക്കിലെടുക്കേണ്ട



തുണ്ട്.

കേരളത്തിൽ നിരന്തരമായി നടന്നിട്ടുള്ള സമരങ്ങളും വികസനപാതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചരിത്രകാരന്മാർ പലപ്പോഴും വിവരിച്ചിട്ടുണ്ട്. സാമൂഹ്യാവസ്ഥകൾക്കെതിരായി പ്രതിഷേധിക്കാനും അതുവഴി തെറ്റുകൾ തിരുത്തിക്കാനുമുള്ള അവകാശം അവന് / അവൾക്ക് ഉണ്ടെന്നുള്ള താരതമ്യേന ശക്തമായ വിശ്വാസമാണ് കേരളത്തെ മറ്റു 'മൂന്നാംലോക' സമൂഹങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നത് എന്നുപറയാം. ജനകീയാവശ്യങ്ങളോട് സാർത്ഥകമായി പ്രതികരിക്കാൻ ഇത്തരം പ്രക്ഷോഭങ്ങളും സമരങ്ങളും ഭരണകൂടത്തെ പ്രേരിപ്പിക്കുന്നതിനു കാരണമായി. മൂന്നാംലോകനിലവാരത്തിൽ നോക്കിയാൽ ഏറ്റവും വ്യാപകമായ ഒരു 'ക്ഷേമരാഷ്ട്രം' സൃഷ്ടിക്കാൻ ഇതു കാരണമായി. ഭരണകൂടത്തിന്റെ ഇടപെടൽ എന്നത് അഭികാമ്യവും ആദർശാത്മകവുമാണെന്ന ജനകീയ സോഷ്യലിസ്റ്റ് - കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനത്തിലാണ് കേരളത്തിലെ സർക്കാർ നിയന്ത്രിത ക്ഷേമപ്രവർത്തനങ്ങളുടെ അടിവേരു കാണാനാകുക.

അടുത്ത കാലത്തായി സർക്കാരിന്റെ വികേന്ദ്രീകരണമെന്ന പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ് കേരളം. സർക്കാരിൽ അടിത്തട്ടിൽനിന്നുള്ള ജനകീയ പങ്കാളിത്തം




എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി വിജയിക്കുകയാണെങ്കിൽ ശരിയായ അർത്ഥത്തിലുള്ള ജനാധിപത്യമാകും. ഈ ശ്രമങ്ങൾ അതിന്റെ യുക്തിപരമായ ദിശയിൽ തുടർന്നാൽ, ലക്ഷ്യത്തിലെത്തിയാൽ, സാമൂഹ്യ അസമത്വമെന്ന പ്രശ്നത്തെ നേരിടാനുള്ള ശക്തമായൊരു മാദ്ധ്യമമായി മാറും. ഉയർന്ന അളവിൽ സാമൂഹ്യസന്നദ്ധ പ്രവർത്തകർ ഇടപെടുന്ന സ്ഥലങ്ങളിലാണ് തദ്ദേശീയ സർക്കാരുകൾ സാന്ത്വന ചികിത്സാ സംവിധാനത്തെ കാര്യമായി പിന്തുണയ്ക്കുന്നത് എന്നത് ആകസ്മികമല്ല.

കേരളത്തിന്റെ നേട്ടങ്ങളിൽ സർക്കാരും ഉദ്യോഗസ്ഥ സംവിധാനങ്ങളും വഹിച്ച പങ്ക് നന്നായറിയാം. താഴെത്തട്ടിൽനിന്നുള്ള സമ്മർദ്ദങ്ങളുടെ ഫലമായിട്ടാണ് അടിസ്ഥാനപരമായി സർക്കാർ ഇടപെടൽ ഉണ്ടായിട്ടുള്ളത്. ഒരു വശത്ത് പരിഷ്കാരങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കുകയും ആവശ്യപ്പെടുന്ന വിഭാഗങ്ങൾക്കിടയിൽ സംഭരിച്ച വിഭവങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്ന രക്ഷാധികാരി സ്വഭാവമുള്ള ഭരണകൂടം. മറുവശത്ത് വിവിധ സംഘടിത വിഭാഗങ്ങൾ രാഷ്ട്രീയ മുന്നേറ്റങ്ങളും നടത്തിക്കൊണ്ട് ഭരണകൂടത്തിനുമേൽ നിരന്തര സമ്മർദ്ദം ചെലുത്തുന്നു. വ്യാപകവും ഫലപ്രദവുമായ വിദ്യാഭ്യാസ-ആരോഗ്യ-ക്ഷേമപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ കേരളം വിജയിച്ചു. അതോടൊപ്പം വിപ്ലവകരവും ദൂരവ്യാപകഫലങ്ങളുണ്ടാക്കുന്നതുമായ പരിഷ്കാരങ്ങളും ഇതേ ഭരണകൂടം നടത്തി. മറ്റു മൂന്നാംലോക സമൂഹങ്ങളെ അപേക്ഷിച്ച് ഇതു വലിയ മുന്നേറ്റമായിരുന്നു. എഴുപതുകളുടെ മദ്ധ്യം മുതൽ ദാരിദ്ര്യം കാര്യമായി കുറയ്ക്കുന്നതിൽ ഭരണകൂടത്തിന്റെ ഇടപെടൽ വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ സർക്കാരിന്റെ ഇത്തരത്തിലുള്ള ഇടപെടലിനും അതിന്റെ രാഷ്ട്രീയത്തിനും ഇപ്പോൾ ഒരു ദിശാവ്യതിയാനം സംഭവിച്ചതായി കാണുന്നു.

എന്നാൽ ഇപ്പോൾ കേരളം ഗൗരവതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. നിരന്തരമായി മോശപ്പെടുന്ന ധനകാര്യാവസ്ഥ, ദീർഘകാലമായി നിലനിൽക്കുന്ന സാമ്പത്തികമാന്ദ്യവും കീഴോട്ടു പോകുന്ന വളർച്ചയും, കേരളത്തിലെ ജനങ്ങൾക്ക് തൊഴിൽ നൽകാൻ കഴിയാത്ത വിധത്തിലുള്ള സമ്പദ്ഘടനയുടെ തുടർച്ചയായ ഗതി.... എന്നിങ്ങനെ. പ്രാദേശിക സംഭാവനകളെ പ്രധാനമായും ആശ്രയിച്ചു പ്രവർത്തിക്കുന്ന സാന്ത്വന ചികിത്സാ യൂണിറ്റുകളെ, ഈയവസ്ഥ തുടർന്നാൽ അതു കാര്യമായി ബാധിക്കും.

ഈ സാമ്പത്തിക പ്രതിസന്ധിയോടുള്ള ഭരണകൂടത്തിന്റെ പ്രതികരണം നിരാശാജനകമാണ്. കേരളത്തിന്റെ സാമൂഹ്യവളർച്ചയ്ക്ക് ഗുണപരമായുണ്ടായിരുന്നതെല്ലാം ഒറ്റയടിക്ക് ഉപേക്ഷിക്കാനും 'ആഗോളവൽക്കരണ പ്രക്രിയ'യെന്ന ധാരയിൽ ചേരാനുമാണവർ ശ്രമിക്കുന്നത്. ഏറെ പ്രയത്നിച്ചു നേടിയ സാമൂഹ്യ നേട്ടങ്ങൾക്ക് ഏറ്റവും വലിയ ഭീഷണിയായി ഈ പ്രതികരണം മാറുന്നു. ഇന്നു നാം അറിയുന്ന തരത്തിലുള്ള 'ഔപചാരിക ആഗോളവൽക്കരണ'ത്തിനു വളരെ മുമ്പുതന്നെ ഈ (തിരിച്ചുപോക്ക് ) പ്രക്രിയയ്ക്ക് തുടക്കമിട്ടിരുന്നുവെന്ന് പലരും വിശ്വസിക്കുന്നു. ഉദാഹരണത്തിന് എഴുപതുകളുടെ മദ്ധ്യം മുതൽതന്നെ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളിലെ സർക്കാർ മുതൽമുടക്ക് കുറഞ്ഞിരുന്നു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് കാരണമായി പറഞ്ഞതെങ്കിലും സർക്കാരിന്റെ രാഷ്ട്രീയ മുൻഗണനകളിലെ വ്യതിയാനങ്ങളും ഇതിനു സഹായിച്ചു.

കേരളത്തിന്റെ നേട്ടങ്ങൾക്ക് അടിത്തറയായ (അതു സാദ്ധ്യമാക്കിയ) എല്ലാത്തിനെയും ദോഷകരമായി ബാധിക്കുന്നവയാണ് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലുണ്ടായ ഇന്നത്തെ സർക്കാർ നയം മാറ്റം എന്നത് ഏറെ വിഷമിപ്പിക്കുന്നു. ആരോഗ്യവും വിദ്യാഭ്യാസവും വ്യാപാരവൽക്കരിക്കുന്നതിന് സംഘടിതവും ബോധപൂർവ്വവുമായ ശ്രമങ്ങൾ സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ രംഗങ്ങളിലുള്ള കേരളത്തിന്റെ മേൽക്കൈ നഷ്ടമാകുകയാണ്. വിദ്യാഭ്യാസരംഗത്തുള്ള സർക്കാരിന്റെ പ്രതിശീർഷ ചെലവിൽ പഞ്ചാബ് ഇപ്പോൾ കേരളത്തിനു മുന്നിലാണ്. ആരോഗ്യരംഗത്താണെങ്കിൽ പഞ്ചാബും രാജസ്ഥാനും നമ്മെക്കാൾ മുന്നിലെത്തി.

മറുവശത്ത്, ഉപഭോഗ കമ്പോള വ്യാപനത്തിനും സേവന സമ്പദ് വ്യവസ്ഥയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്കും വഴിവെക്കുന്ന വിധത്തിൽ അതിസമ്പന്നതയുടെ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഉൽപ്പാദന മേഖലകളുമായി യാതൊരു ബന്ധവുമില്ലാത്തവയാണ് ഈ തുരുത്തുകൾ. ആരോഗ്യരംഗത്ത് ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. പരസ്പരാശ്രിതമായ രണ്ടു പ്രതിഭാസങ്ങൾ വളർന്നു പടർന്നു പന്തലിക്കുന്ന ആരോഗ്യ വ്യവസായവും ആരോഗ്യമെന്നത് സ്വതന്ത്ര കമ്പോളത്തിൽ വിലകൊടുത്തു വാങ്ങാ


വുന്ന ഒന്നാണെന്ന ഉപഭോഗ സംസ്കാരവും - വളരുന്നു. സ്വകാര്യ മേഖലയിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കൂറ്റൻ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ആരോഗ്യരക്ഷയുടേയും സേവനങ്ങളുടെയും വൻ വിൽപ്പനയും വൈദ്യശാസ്ത്രത്തിന്റെ സാങ്കേതിക ശേഷികളെപ്പറ്റി വികലമായൊരു വീക്ഷണം സൃഷ്ടിക്കുന്നു. സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് മാറാരോഗം വന്നാൽ അവർക്ക് പലപ്പോഴും അനുയോജ്യമായ സാന്ത്വന ചികിത്സ കിട്ടുന്നു. എന്നാൽ ഉയർന്ന വരുമാനമുള്ള വിഭാഗം കൂടുതൽ പണം മുടക്കി രോഗം ഭേദമാക്കാൻ വ്യർത്ഥമായി ശ്രമിച്ച് ദുരന്തപൂർണമായ മരണം വരിക്കുന്നു. ഇതാണ് കേരളത്തിന്റെ പല ഭാഗത്തും നടക്കുന്നത്.

ഒരു കാലത്ത് ഏറെ പ്രകീർത്തിക്കപ്പെട്ടിരുന്ന കേരളത്തിലെ പൊതുവിതരണ സംവിധാനവും ഗുരുതരമായ പ്രത്യാഘാതങ്ങളെ നേരിടുകയാണ്. കാരണം, കേരളീയർ ഇപ്പോൾ മുമ്പൊരിക്കലുമില്ലാത്തവിധം ഇറക്കുമതി ചെയ്ത ഭക്ഷണത്തെ ആശ്രയിക്കുന്നു.

മുൻകാലങ്ങളിൽ ജാതിമത സംഘർഷങ്ങളെല്ലാം ജനാധിപത്യ ചട്ടക്കൂട്ടിനകത്തും താരതമ്യേന കുറഞ്ഞ ഹിംസയോടെയുമാണ് നടന്നിരുന്നതെങ്കിൽ, ഇന്നതുമാറി. ഇന്നു വ്യാപകമാകുന്ന ജാതീയതയും വർഗീയതയും ഒരു പങ്കെങ്കിലും ഉണ്ടാകുന്നത് കേരളത്തിന്റെ വികസന സാമൂഹ്യ പ്രതിസന്ധിയുടെ ഫലമായിട്ടാണ്. സംസ്ഥാനത്ത് ആവശ്യമായവർക്ക് ദീർഘകാല സാന്ത്വന പരിചരണം നൽകുന്നതിന് ഇന്നുള്ള സംവിധാനങ്ങളെ വിലയിരുത്തുമ്പോഴും ദീർഘകാലപദ്ധതി രൂപരേഖ ഉണ്ടാക്കുമ്പോഴും ഇക്കാര്യങ്ങളും മറ്റു ഘടകങ്ങളും പരിഗണിക്കേണ്ടത് ആവശ്യമാണ്.

*(തർജ്ജമ : സി.ആർ.എൻ.)*

● ചർച്ച / പ്രതികരണം



# സാന്ത്വന ചികിത്സ കേരളത്തിലെ പച്ചത്തുരുത്തുകൾ; പക്ഷേ..

**സി.ആർ. പരമേശ്വരൻ**

**കേരളത്തിലെ** പൊതുസമൂഹം (civil society) ഇന്ന് അന്യംനിന്നുപോകും എന്ന അവസ്ഥയിലാണ്. പൊതുസമൂഹത്തിന്റെ സമസ്ത സംവേദനത്വത്തെയും രാഷ്ട്രീയ സമൂഹം (political society) ആക്രമിച്ച് അവശമാക്കിയിരിക്കുന്നു. ഒരു പൊതുസമൂഹ രാഷ്ട്രീയം (civil society politics) കരുപ്പിടിപ്പിക്കേണ്ടത് അഭിലഷണീയമാണ്. പക്ഷെ അത് വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളെ അവഗണിച്ച് കാല്പനികമായി ആവരുത്.

ഇന്ന് പെയിൻ ക്ലിനിക്കുകൾ കേരളീയ ജീവിതത്തിലെ പച്ചത്തുരുത്തുകളാണ്. ബൂർഷ്വാ സമൂഹം ചതച്ചിടുന്ന രോഗികൾക്ക് സാന്ത്വനം നല്കുകയാണവർ. മറ്റൊരു രാഷ്ട്രീയ ബദലും ഇല്ലാത്തിടത്ത് ഏറ്റവും ലളിതവും, എന്നാൽ മഹത്തും ആയ ഒരു കർത്തവ്യത്തിലാണ് അവർ. ഡോ. സുരേഷിന്റെയും ഡോ. ദിവാകരന്റെയും മറ്റും ചുമലുകൾ ലോലമാണ്. അവയ്ക്ക് ഇപ്പോൾ പ്രത്യയശാസ്ത്രഭാരം താങ്ങാനാവില്ല. ഇന്നത്തെ നിലയിൽ പാലിയേറ്റീവ് ചികിത്സാരംഗത്തോട് രാഷ്ട്രീയം / അരാഷ്ട്രീയം, എസ്റ്റാബ്ലിഷ്മെന്റ് / ആന്റി എസ്റ്റാബ്ലിഷ്മെന്റ് എന്നിങ്ങനെയുള്ള പ്രത്യയശാസ്ത്ര ചർച്ച കൊണ്ടുവരുന്നത് അകാലികമാണ്. വളരെ കുറച്ച് വിഭവശേഷിയേ പണത്തിന്റെയും ആൾബലത്തിന്റെയും അടിസ്ഥാനത്തിൽ സാന്ത്വന ചികിത്സാരംഗത്തിനുള്ളൂ. അടുത്തുനിന്നു നോക്കിയാൽ വിരലിലെണ്ണാവുന്ന ചില വ്യക്തികളിൽനിന്ന് തുടങ്ങി ചെറുതായി പടർന്ന ചെറിയൊരു ഊർജ്ജമണ്ഡലമേ സാന്ത്വന ചികിത്സകർക്കുള്ളൂ. അവരുടെ അതുല്യമായ ആത്മീയ ശക്തി കൊണ്ടാണ് അത് നടന്നുപോകുന്നത്. അല്പ വിഭവങ്ങൾകൊണ്ട് വളരെ മഹത്തായ പ്രവർത്തനങ്ങൾ നടത്തുന്നവരുടെ ശ്രദ്ധ ചിതറിപ്പോകാനാണ് ഗഹനമായ പ്രത്യയശാസ്ത്ര ചർച്ചകൾ ഉതകുക. വലിയ ആത്മീയശക്തിയുള്ളവരായിരുന്നു എന്റെ അറിവിൽപ്പെട്ട നക്സലൈറ്റുകൾ. അവരുടെ നല്ല മനസ്സുകളോട് ഇണങ്ങുന്നതായിരുന്നില്ല, തലനാരിഴ കീറിയുള്ള അന്നത്തെ പ്രത്യയശാസ്ത്ര ചർച്ചകൾ എന്ന് ഇപ്പോൾ തോന്നുന്നു. സാന്ത്വന ചികിത്സാരംഗത്തെ വലിയ മനുഷ്യരെ ഇപ്പോൾ അവരുടെ ഏകാഗ്രവും ലളിതവുമായ ശുശ്രൂഷക്ക് വിടുക.

എസ്റ്റാബ്ലിഷ്മെന്റ് വിരുദ്ധം, രാഷ്ട്രീയ സമ്പന്നം എന്നൊക്കെ ഇന്ന് പറഞ്ഞാൽ അപഹാസ്യവുമാകും. കാരണം പണമുള്ളവരുടെയും സർക്കാരിന്റെയും കൂടി സഹായം സ്വീകരിച്ചാണ് ഇന്ന് ക്ലിനിക്കുകൾ നടക്കുന്നത്. അതായത് മുതലാളിത്ത സമൂഹം തകർത്തിട്ടവരെ മുതലാളിയുടെ പണം കൂടി സ്വീകരിച്ചാവും സാന്ത്വനപ്പെടുത്തുന്നത്. നാമറിഞ്ഞോ അറിയാതെയോ ചിലപ്പോൾ കറ പുരണ്ട ധനവും സ്വീകരിക്കുന്നുണ്ടാകും. ഒരു വശത്ത് മദ്യം കൊടുത്ത് സ്വന്തം ജനങ്ങളെ രോഗികളാക്കുന്ന സർക്കാരിന്റെ തന്നെ സഹായം സ്വീകരിച്ചാണ് രോഗികൾക്ക് സാന്ത്വനമേകുന്നത്.

സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും മൂല്യങ്ങൾ സ്വാംശീകരിച്ചു ഒരു പൊതുസമൂഹരാഷ്ട്രീയം ഉണ്ടാകുക തന്നെവേണം. തകർന്നുകിടക്കുന്ന ഒരു പൊതു സമൂഹത്തിൽ പരിമിതശക്തിയുള്ള, ബീജരൂപത്തിലുലള്ള സാന്ത്വന പ്രസ്ഥാനത്തിന് ഇപ്പോൾ ഏറ്റെടുക്കാൻ പറ്റുന്ന ഒരു വെല്ലുവിളി അല്ല ഇതെന്ന് മാത്രം. ഇന്നത്തെ നിലയിൽ, രാഷ്ട്രീയ സ്പർശമുള്ളതാണ് എന്ന നിലയിൽ ഒരു മാന്യതയോ അരാഷ്ട്രീയമാണ് എന്നതുകൊണ്ട് അപകർഷമോ തോന്നേണ്ടതില്ല. ക്രമേണ, പൊതുസമൂഹം അവകാശബോധത്തിലേക്കു തിരിച്ചുവന്ന് പരിസ്ഥിതി - വിദ്യാഭ്യാസ - ആരോഗ്യ - മനുഷ്യാവകാശ രംഗങ്ങളെ കൂട്ടിയിണക്കി ഒരു പുതിയ രാഷ്ട്രീയം കരുപ്പിടിപ്പിക്കുമ്പോൾ, അന്ന് പ്രായം തികയുന്ന സാന്ത്വന പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ സ്വപ്നങ്ങൾക്കും പ്രസക്തിയുണ്ടാകും.

*(ചിന്തകൻ, എഴുത്തുകാരൻ, ആദായ നികുതി വകുപ്പിൽ അസി. കമ്മീഷണർ 'പാസ്സിങ് ഷോ', ഗാന്ധിനഗർ, തൃശൂർ - 7)*